(സി, ഡി) കയ്യോറക്കാർക്ക് നിലവിലുള്ള നിയമപ്രകാരം ഭൂമിക്ക് അർഹതയുള്ളപക്ഷം കൈവശഭൂമി പതിച്ചുകൊടുക്കേണ്ടതാണെങ്കിൽ അവർക്കത് പതിച്ചുകൊടുക്കും. ഷൺമുഖംകനാൽ തീരത്തുള്ള കുടികിടപ്പുകാർക്ക് ഈയിടെ ഭൂമിപതിച്ചുകൊടുക്കുകയുണ്ടായി. എന്നാൽ ഭൂമിപതിച്ചുകൊടുക്കേണ്ടതല്ലെങ്കിൽ ഒഴിപ്പിക്കൽ നടപടിവേണ്ടിവരും. അർഹതയുള്ളവർക്ക് പകരംഭൂമി കൊടുക്കുകയും ചെയ്യാം.

പായിപ്ര–മാരാറി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ

54. (655) ശ്രീ. പി. വി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഇലക്ട്രിക് സബ് ഡിവിഷനിലുൾപ്പെടുന്ന പായിപ്ര–മാരാറി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു വർഷമാണ് ഉൾപ്പെടുത്തിയത്;

(സി) ഈ ജോലി പൂർത്തിയാക്കുന്നതിന് ഇത്രയധികം കാലതാമസം വരുന്നതിനു കാരണമെന്താണ്;

(ഡി) 1970 മാർച്ച് 15–ാം തീയതിക്കകമായി ഈ ലൈൻ വലിച്ച് കണക്ഷൻ നൽകാത്തപക്ഷം മൂവാറ്റുപുഴ ഇലക്ട്രിക്സബ്ഡിവിഷനാഫീസിന്റെ മുമ്പിൽ പായിപ്ര പഞ്ചായത്തിലെ പ്രസ്തുത ലൈനിനു ഗാരൻറി നൽകിയിട്ടുള്ളവർ സത്യാഗ്രഹസമരം ആരംഭിക്കുമെന്നു കാണിച്ച് ഗവൺമെൻറിനു നോട്ടീസു നൽകിയിട്ടുണ്ടോ;

(ഈ) ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1968–69–ൽ

(സി) 1968 ഡിസംബറിലാണ് മിനിമംഗാരൻറി എഗ്രിമെൻറു വച്ചത്. ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമപ്രകാരം ഇതു പൂർത്തിയാക്കുന്നതാണ്.

(ഡി) ഉണ്ട്.

(ഈ) എത്രയുംവേഗം ജോലി പൂർത്തിയാക്കുന്നതിനുവേണ്ട നടപടികളും ഇലക്ട്രിസിറ്റിബോർഡ് സ്വീകരിച്ചു വരുന്നു.

വിദ്യാർത്ഥി യുവജന വാളൻറിയർമാരുടെപേരിലെടുത്ത കേസുകൾ

55. (656) ശ്രീ. പി. വി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ആഗസ്റ്റ് 15–ാം തീയതി വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന പ്രവർത്തകർ രണ്ടാംകപ്പൽ നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly